# നമ്മുടെ സ്വന്തം മനു മാത്യു
### ജോൺ മാത്യു

സാഹിത്യ കലാരംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന ശ്രീ. മനു മാത്യു ഇനിയും ഓർമ്മ. അദ്ദേഹം സാഹിത്യകാരനായിരുന്നു, ചിത്രകാരനായിരുന്നു, ഗായകനായിരുന്നു, സ്റ്റേജ് ആർട്ടിസ്റ്റായിരുന്നു, സംവിധായകനായിരുന്നു. എന്ത് അല്ല എന്നെഴുതുന്നതായിരിക്കും ഇനിയും ഏറെ എളുപ്പം.

എഴുപതുകളുടെ അവസാനനാളുകളിൽ ഞങ്ങൾ ഡിട്രോയ്റ്റിന്റെ പ്രാന്തപ്രദേശമായ ഓക്ക് പാർക്കിലായിരുന്നു താമസിച്ചിരുന്നത്. നഗരത്തിന്റെ തിരക്കിൽനിന്ന് മാറി ശാന്തമായ അന്തരീക്ഷം. കേവലം നാലു മലയാളി കുടുംബങ്ങൾ മാത്രമാണ് അന്ന് അവിടെയുണ്ടായിരുന്നത്. ജേക്കബ്–മേരി ദമ്പതികളായിരുന്നു ഞങ്ങളുടെ തൊട്ടടുത്ത്.

“എന്റെ ആങ്ങള നാട്ടിൽ നിന്ന് വരുന്നു, കലാകാരനാണ്, ഗായകനാണ്, നിങ്ങളുടെയെല്ലാം കൂട്ടത്തിൽ കൂടും...” മേരിയാണ് അഭിമാനത്തോടെ അതു പ്രഖ്യാപിച്ചത്.

രാത്രി വൈകുവോളം പാട്ടും താളവുമായി പാർട്ടി കൂടുന്നതായിരുന്നു അക്കാലത്തെ ഞങ്ങളുടെ വിനോദം. അവിടേയ്ക്ക് ഒരാളും കൂടി!

പുതിയ പാട്ടുകാരനെത്തി. അപ്പോഴല്ലേ അത്ഭുതം. ഡൽഹി എക്സ്പിരിമെന്റൽ (പരീക്ഷണ) നാടകവേദിയിലെ പയ്യനായിരുന്നു മനു മാത്യു!

അറുപതുകളിലെ ഡൽഹി. സാഹിത്യ നാടക കലാരംഗങ്ങളിലെ പരീക്ഷണശാല. സാഹിതിസഖ്യത്തിലെ ആധുനികത നാടകവേദിയിലേക്കും പടർന്നുപിടിച്ചു. ഇംഗ്ലീഷ്, ഫ്രഞ്ച് സാഹിത്യങ്ങളിൽ നിന്ന് പരീക്ഷണ നാടകങ്ങൾ കണ്ടെത്തി മലയാള രൂപം കൊടുത്ത് അരങ്ങേറുന്നത് അന്നത്തെ പ്രത്യേകതയായിരുന്നു, തുടർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകളും. ഐറീഷ നാടകകൃത്തായ സാമുവൽ ബെക്കറ്റിന്റെ നാടകങ്ങളായിരുന്നു അന്ന് ഏറെ ചർച്ച ചെയ്തത്. ‘വെയ്റ്റിംഗ് ഫോർ ഗോദത്ത്’ അന്ന് ആധുനീകർക്ക് ഹരമായിരുന്നു. ഈ പരീക്ഷണ നാടകങ്ങൾക്ക് ചുക്കാൻ പിടിച്ചത് നാടകാചാര്യനായിരുന്ന രാമകൃഷ്ണപിള്ള. നാടകവേദിയിലെ പുതുമകളിലായിരുന്നു രാമകൃഷ്ണപിള്ളക്ക് താല്പര്യം. അതേ, ‘ബെക്കറ്റ്’ നാടകങ്ങളിലും പിന്നെ ‘സെന്റ് മോണിക്കാസ് ചർച്ച് ഹാളിലെ’ ഇന്റിമേറ്റ് തീയറ്ററിലും. ഈ ഇന്റിമേറ്റ് തീയറ്റർ എന്താണെന്ന് നേരിൽക്കണ്ട് ഞാൻ മനസ്സിലാക്കിയത് കാലമേറെ കഴിഞ്ഞിട്ട്, അത് മറ്റൊരു കഥ. രാമകൃഷ്ണപിള്ളയുടെ നാടക ഗ്രൂപ്പിലെ യുവനടനായിരുന്നു മനു മാത്യു. വിവിധ രംഗങ്ങളിൽ പ്രഗത്ഭരായവർ തിളങ്ങിയിരുന്ന എക്സ്പിരിമെന്റൽ തീയറ്ററിന്റെ വേദിയിലൊന്നു കേറിപ്പറ്റുന്നത് പലരുടേയും സ്വപ്നമായിരുന്നു അക്കാലത്ത്...

എൺപതുകളുടെ ആദ്യനാളുകൾ. മനു മാത്യു അതിവേഗം തിരിച്ചറിഞ്ഞു തന്റെ പ്രവർത്തി മണ്ഡലം ഡിട്രോയറ്റ് അല്ലായെന്ന്. അക്കാലത്ത് അവസരങ്ങൾ തേടി തെക്കൻ സംസ്ഥാനങ്ങളിലേക്ക് മലയാളികളുടെ പ്രവാഹം തുടങ്ങിയിട്ടേയുള്ളു.

ഹൂസ്റ്റനിൽ മനുവിന് അവസരങ്ങൾ നിരവധി. ചിത്രകലയുമായി ബന്ധപ്പെട്ട പ്രൊഫഷണൽ

ആർട്ടിസ്റ്റ് ജോലിക്കൊപ്പം മലയാളികളുടെ കലാ–സാംസ്കാരിക രംഗവും മനുവിനെപ്പോലെയുള്ള ഒരു കലാകാരനുവേണ്ടി കാത്തിരിക്കുകയായിരുന്നു. അതിലൊന്ന് എസ്.കെ. പിള്ളയുടെ 'ഉപാസന' മാസികയും. മറ്റൊന്ന് നാടകവേദിയിൽ എന്തും പരീക്ഷിക്കാൻ തയ്യാറായി നിന്നിരുന്ന ഒരു പറ്റം നടീനടന്മാരും. അമേരിക്കയാണെങ്കിലും ഡൽഹിയിലു ണ്ടായിരുന്ന സാങ്കേതിക മിഴിവ് നമുക്ക് അപ്രാപ്യം. പക്ഷേ, ലഭ്യമായിരുന്ന അവസരങ്ങൾ ശ്രീ. മനു മാത്യു മുതലെടുത്തു. ഏതാണ്ടൊക്കെ ഡൽഹി മാതൃകയിൽ ഹൂസ്റ്റനിലും ഒരു എക്സ്പിരിമെന്റൽ നാടകം അരങ്ങേറി. 'സൃഷ്ടി'. തുടർന്ന് അന്നത്തെ മലയാളം പ്രസിദ്ധീകരണങ്ങളിൽ മനുവിന്റെ കാർട്ടൂണുകളും പ്രത്യക്ഷപ്പെട്ടു.

ഇന്നും ഓർക്കുന്നു അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ഒരു കാർട്ടൂൺ. മൂന്നു ദേശങ്ങളിലെ മലയാളിയുടെ കഥ, ചിത്രം!

രംഗം നാട്ടിൻപുറത്തെ ഒരു മീൻ ചന്ത.

ഗൾഫുകാരൻ മലയാളി നേരെനിന്ന് വിലപേശലില്ലാതെ മീൻ വാങ്ങുന്നു.

അമേരിക്കൻ മലയാളിക്ക് ഒരു വളവുണ്ട്, സൗഹാർദ്ദമായ, ഡിപ്ലോമാറ്റിക് വിലപേശൽ.

എന്നാൽ, നാടൻ മലയാളി നിലത്തങ്ങ് പടിഞ്ഞിരിക്കുകയാണ്. വിദേശമലയാളികൾ വാങ്ങിയതിൽ മിച്ചമുണ്ടെങ്കിൽ മാത്രമെ അവനെന്തെങ്കിലും കിട്ടൂ.

മലയാളി സമൂഹത്തിന്റെ അന്നത്തെ ഈ നേർ ചിത്രത്തിന്, സാമൂഹിക വിമർശനത്തിന്, ഇനിയുമെങ്കിലും ഒരു അംഗീകാരം കൊടുക്കാം. കലാകാരനുള്ള അംഗീകാരം ഒരു കാലത്തും അസ്ഥാനത്തല്ല.

ഹൂസ്റ്റനിൽ റൈറ്റേഴ്സ് ഫോറം രൂപപ്പെട്ടപ്പോഴേക്കും ശ്രീ. മനു മാത്യു ഡാളസിലേക്ക് മാറിയിരുന്നു. എങ്കിലും ഹൂസ്റ്റനിൽ വരുമ്പോൾ പലപ്പോഴും അദ്ദേഹം ഫോറം സമ്മേളനത്തിൽ പങ്കെടുത്തു. ഡാളസിലെ ലിറ്ററി സൊസൈറ്റിയിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചു, അതുപോലെ തുടക്കം മുതൽ ലാനയിലും. ഈ സംഘടനകളിലെല്ലാം ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചു.

മൂന്നു–മൂന്നര പതിറ്റാണ്ടുകാലം ശ്രീ. മനു മാത്യു അമേരിക്കൻ മലയാളികളുടെ സാംസ്കാരിക ജീവിതത്തിൽ ചേർന്ന് ഊർജ്ജസ്വലമായി ഓടിനടന്നു, ചർച്ചകൾ സംഘടിപ്പിക്കുന്നതിൽ, സ്റ്റേജ് മോടികൂട്ടുന്നതിൽ, പുസ്തക പ്രദർശനങ്ങൾ ഒരുക്കുന്നതിൽ. വ്യക്തിപരമായി പറഞ്ഞാൽ ഡിട്രോയ്റ്റിൽ ഞങ്ങളുടെ മകന്റെ പിറന്നാൾ ആഘോഷം വർണ്ണശബളമാക്കാൻ കലാകാരനായ മനു സഹായിച്ചു. അതുപോലെ ഞങ്ങളുടെ മകളുടെ വിവാഹാവസരത്തിലും പ്രമുഖ ഗായകനായി പ്രത്യക്ഷപ്പെട്ടത് ശ്രീ. മനു മാത്യുവായിരുന്നു.

അമേരിക്കയിലെ മലയാളികളുടെയിടയിൽ ധന്യജീവിതം നയിച്ച, സാഹിത്യ കലാരംഗങ്ങളിൽ ശോഭിച്ച മനു മാത്യു. ഇവിടത്തെ സാഹിത്യ–കലാ സ്നേഹികളുടെ മനസ്സിൽ എന്നുമുണ്ടായിരിക്കും. അദ്ദേഹത്തിന്റെ വിയോഗം നമ്മുടെ സാംസ്കാരിക ലോകത്തിന് തീരാനഷ്ടമാണ്. ആ ഓർമ്മയ്ക്കു മുന്നിൽ ഒരു പനീർ പൂച്ചെണ്ട് സമർപ്പിക്കട്ടെ.